# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:04.12.2025**

### പ്രധാനവാർത്തകൾ

1) ശീതകാല സമ്മേളനത്തിൻറെ നാലാം ദിവസത്തെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ പാർലമെൻറ് പാസ്സാക്കി.
2) -റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ -രണ്ട് ദിവസത്തെ സന്ദർശനത്തിനായി അൽപസമയത്തിനകം ഇന്ത്യയിലെത്തും
3) തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. പോളിങ് സാധനങ്ങളുടെ വിതരണം വോട്ടെടുപ്പിൻറെ തലേദിവസം രാവിലെ 9 ന് ആരംഭിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
4) ബലാത്സംഗ കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി. രാഹുലിനെ കോൺഗ്രസ് പുറത്താക്കി.
5) കാർത്തിക ദീപപ്രഭയിൽ ശബരിമല സന്നിധാനം.
6) സയ്യിദ് മുഷ്താഖ് അലി ട്വൻറി- 20 ടൂർണ്ണമെൻറിൽ മുംബൈയ്ക്കെതിരെ കേരളത്തിന് വിജയം

RNU TVPM

## സെൻട്രൽ എക്സൈസ്

ശീതകാല സമ്മേളനത്തിൻറെ നാലാം ദിവസത്തെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സെൻട്രൽ എക്സൈസ് (ഭേദഗതി) ബിൽ പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇന്നലെ പാസ്സാക്കിയ ബില്ലിന് രാജ്യസഭയും ഇന്ന് അംഗീകാരം നൽകുകയായിരുന്നു. സിഗരറ്റ്, ഹുക്ക പുകയില, തുടങ്ങി വിവിധ പുകയില ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവയും സെസ്സും വർദ്ധിപ്പിക്കാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു . പുകയിലയുടെ ദോഷഫലങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് .

## നിർമ്മലാ സീതാരാമൻ(ഇൻട്രോ)

പാൻ മസാല പോലെ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾക്ക് മേൽ സെസ് ഏർപ്പെടുത്തുന്ന ആരോഗ്യ സുരക്ഷാ ദേശീയ സുരക്ഷാ സെസ് ബിൽ 2025 കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. ഇത്തരം ഉത്പന്നങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക, ആരോഗ്യത്തിനും ദേശീയ

RNU TVPM

സുരക്ഷയ്ക്കുമുള്ള ധനസഹായം ഇതിലൂടെ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് നിയമനിർമാണത്തിലൂടെ ലക്ഷ്യമിടുന്നത്. അവശ്യവസ്തുക്കൾക്ക് മേൽ സെസ് ചുമത്തില്ലെന്നും അപകടസാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് മാത്രമാണ് ഇത് ബാധകമെന്നും ധനമന്ത്രി വ്യക്തമാക്കി.

(വോയിസ്)

40 ശതമാനം ജിഎസ്ടിക്ക് പുറമേയാണ്, പാൻ മസാല ഉൽപാദനത്തിന് ആരോഗ്യ, ദേശീയ സുരക്ഷാ സെസ് ഈടാക്കുന്നത്.

RNU TVPM

**വ്ളാഡിമിർ പുടിൻ**

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി അൽപസമയത്തിനകം ഇന്ത്യയിലെത്തും. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പുടിൻ നാളെ കൂടിക്കാഴ്ച നടത്തും. അന്താരാഷ്ട്ര, പ്രദേശിക തലത്തിലെ വിവിധ വിഷയങ്ങളെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്യും. നിരവധി കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കും. റഷ്യൻ പ്രസിഡൻറിനോടുള്ള

ആദരാർത്ഥം രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന പ്രത്യേക വിരുന്നിലും പുടിൻ പങ്കെടുക്കും. ഇരു രാജ്യങ്ങൾക്കുമിടയിലെ വർദ്ധിച്ചു വരുന്ന ഉഭയകക്ഷി ബന്ധത്തിൻറെ പശ്ചാത്തലത്തിൽ, റഷ്യൻ പ്രസിഡൻറിൻറെ ഇന്ത്യ സന്ദർശനത്തിന് ഏറെ പ്രാധാന്യമാണുള്ളത്.

❀❀❀❀❀❀❀❀❀❀❀❀❀

## തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉൾപ്പെടെയുള്ള പോളിങ് സാധനങ്ങളുടെ വിതരണം വോട്ടെടുപ്പിൻറെ തലേദിവസം രാവിലെ 9 ന് ആരംഭിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. പോളിങ് ഉദ്യോഗസ്ഥർ അതത് വിതരണ-കേന്ദ്രത്തിൽ യഥാസമയം എത്തിച്ചേർന്ന് പോളിങ് സാമഗ്രികൾ കൈപ്പറ്റിയതിന് ശേഷം, ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങളിൽ പോളിങ് സ്റ്റേഷനുകളിൽ എത്തിച്ചേരേണ്ടതാണ്. പഞ്ചായത്തുകളിൽ ബ്ലോക്ക് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ അതത് സ്ഥാപനതലത്തിലുമാണ് വിതരണ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുള്ളത്.

❀❀❀❀❀❀❀❀❀❀❀❀❀

RIUTVPM

**തിരഞ്ഞെടുപ്പ് - ശബ്ദ നിയന്ത്രണം**

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള പരസ്യപ്രചാരണങ്ങളിൽ ശബ്ദ നിയന്ത്രണം കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. അനുവദനീയമായ സമയപരിധിയ്ക്ക് മുൻപോ ശേഷമോ ഉള്ള അനൗൺസ്മെന്റുകൾ വിലക്കിയിട്ടുണ്ട്. ആശുപത്രി, വിദ്യാലയ പരിസരങ്ങൾ ഉൾപ്പടെ നിശബ്ദ സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ ശബ്ദപ്രചാരണം പൂർണമായും ഒഴിവാക്കണം..

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് (ഇൻട്രോ)**

വിമതശല്യവും , പടലപ്പിണക്കങ്ങളുമൊക്കെ നിറഞ്ഞു നിൽക്കുന്ന പാലക്കാട് ജില്ലയിലെ തദ്ദേശ തിരഞ്ഞെടുപ്പിൽ, കാറ്റ് തങ്ങൾക്ക് അനുകൂലമാക്കാനുള്ള കൊണ്ടുപിടിച്ച പ്രചാരണത്തിലാണ് മുന്നണികൾ.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**റാൻഡമൈസേഷൻ**

RNUTVPM

തദ്ദേശ തിരഞ്ഞെടുപ്പ് ജോലിക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് ഫൈനൽ റാൻഡമൈസേഷൻ പൂർത്തിയായി. ഓരോ കാര്യാലയത്തിലേയും നോഡൽ ഓഫീസർമാർ നിയമന ഉത്തരവ് ഡൗൺലോഡ് ചെയ്ത് ജീവനക്കാർക്ക് നൽകി ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തണം. ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുക്കുവാൻ കഴിയാതിരുന്ന തിരഞ്ഞെടുപ്പ് ജോലിയ്ക്കായി നിയോഗിയ്ക്കപ്പെട്ട പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ എന്നിവർക്കുള്ള പരിശീലനം മറ്റന്നാൾ നടത്തും.

❋❋❋❋❋❋❋❋❋❋❋❋❋

**രാഹുൽ മാങ്കൂട്ടത്തിൽ**

ബലാത്സംഗ കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എം‌എൽ‌എയുടെ മുൻകൂർ ജാമ്യാപേക്ഷ തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളി.

RNU TVPM

രാഹുലിന്റെ ആവശ്യപ്രകാരം അടച്ചിട്ട മുറിയിലാണ് കോടതി വാദം കേട്ടത്. ജാമ്യാപേക്ഷ തള്ളിയതിനു പിന്നാലെ രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്ന് പുറത്താക്കി. എ.ഐ.സി.സി അനുമതിയോടെയാണ് നടപടി. എം‌എൽ‌എ സ്ഥാനം രാഹുൽ രാജിവയ്ക്കുന്നതാണ് ഉചിതമെന്ന് കെ.പി.സി.സി അദ്ധ്യക്ഷൻ സണ്ണിജോസഫ്

മാധ്യമങ്ങളോട് പറഞ്ഞു. കോൺഗ്രസ് നേതൃത്വം ഏകകണ്ഠമായെടുത്ത തീരുമാനമാണിതെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പ്രതികരിച്ചു. കെ.സി വേണുഗോപാൽ, അടൂർ പ്രകാശ്, കെ മുരളീധരൻ തുടങ്ങി കോൺഗ്രസിൻ്റെ മുൻനിര നേതാക്കളെല്ലാവരും തന്നെ പാർട്ടി തീരുമാനത്തെ പിന്തുണച്ച് രംഗത്തെത്തി. ബലാൽസംഗം, നിർബന്ധിത ഗർഭഛിദ്രം തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് കേസെടുത്തതിനു പിന്നാലെ കഴിഞ്ഞ എട്ട് ദിവസമായി രാഹുൽ മാങ്കൂട്ടത്തിൽ ഒളിവിൽ തുടരുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

PRNU TVPM

## സ്കൂൾ വിനോദയാത്ര

തിരുവനന്തപുരം തോന്നയ്ക്കൽ ജി.എച്ച്.എസ്.എസിലെ വിദ്യാർത്ഥികൾ സഞ്ചരിച്ച വിനോദയാത്രാ ബസ് പാലാ-തൊടുപുഴ റൂട്ടിൽ അപകടത്തിൽപ്പെട്ട സംഭവം അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി. പരിക്കേറ്റവർക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കും. സ്കൂൾ ടൂർ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിക്കാത്ത സ്കൂൾ അധികൃതർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടിയുണ്ടാകും. വരും ദിവസങ്ങളിൽ പരിശോധനകൾ കർശനമാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്തു വാർത്താസമ്മേളനത്തിൽ പറഞ്ഞു

❁❁❁❁❁❁❁❁❁❁❁❁❁

**കാർത്തിക ദീപം (ഇൻട്രോ)**

കാർത്തിക ദീപപ്രഭയിൽ ശബരിമല സന്നിധാനം. കർപ്പൂരഗന്ധത്താലും, ശരണമന്ത്രങ്ങളാലും മുഖരിതമായ അയ്യപ്പസന്നിധിയിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി. എസ്. ശ്രീധർ......***

***(വോയിസ്)***

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ജാഗ്രത**

മൂലമറ്റം പവർ ഹൗസിലെ അറ്റകുറ്റപണികൾ പൂർത്തിയായി. നിശ്ചയിച്ചതിനേക്കാൾ 7 ദിവസം മുൻപാണ് ജോലികൾ പൂർത്തിയായത്. ഇന്ന് മുതൽ ജനറേറ്ററുകളുടെ ട്രയൽ റണ്ണും, വൈദ്യുതി ഉത്പാദനവും പുനരാരംഭിക്കുന്നതിനാൽ പവർ ഹൗസിൽ നിന്നുള്ള വെള്ളം കനാലിലൂടെ എത് സമയത്തും പുറത്തേയ്ക്ക് ഒഴുക്കുമെന്ന് കെ എസ് ഇ ബി അറിയിച്ചു. ജലവിതാനം

ക്രമീകരിക്കുന്നതിനായി മലങ്കര ഡാമിൻ്റെ ജലവും പുറത്തേക്കൊഴുക്കും . തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

## സ്പോർട്സ് മീറ്റ്

ട്രിവാൻഡ്രം ഫിസിയാട്രിസ്റ്റ് ക്ലബ്ബ്, ഐ എം എ ചിറയിൻകീഴ്, I.A.P.M.R കേരള ചാപ്റ്റർ, കിംസ് ഹെൽത്ത് എന്നിവരുടെ നേതൃത്വത്തിൽ ഭിന്ന ശേഷി കുട്ടികൾക്കായി സ്പോർട്സ് മീറ്റ് സംഘടിപ്പിച്ചു. സമഗ്ര ശിക്ഷ കേരളയുടെ മേൽനോട്ടത്തിൽ 200ൽ പരം കുട്ടികൾ വ്യത്യസ്ത കായിക ഇനങ്ങളിൽ മാറ്റുരച്ചു. സമൂഹ പുരോഗതിക്ക് ഭിന്നശേഷി സൗഹൃദ സമൂഹം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പോർട്സ് മീറ്റ് സംഘടിപ്പിച്ചത്.

RNU TVPM

## ക്രിക്കറ്റ്

സയ്യിദ് മുഷ്താഖ് അലി ട്വൻ്റി- 20 ടൂർണ്ണമെൻ്റിൽ മുംബൈയ്ക്കെതിരെ കേരളത്തിന് 15 റൺസ് വിജയം. ആദ്യം ബാറ്റ് ചെയ്ത കേരളം 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 178 റൺസെടുത്തു. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ മുംബൈ 19.4 ഓവറിൽ 163 റൺസിന് പുറത്താ വുകയായിരുന്നു.

എൻ എം ഷറഫുദ്ദീൻ്റെ ഓൾ റൗണ്ട് മികവും കെ എം ആസിഫിൻ്റെ ഉജ്ജ്വല ബൗളിങ്ങുമാണ് കേരളത്തിന് വിജയം ഒരുക്കിയത്.

## സൂപ്പർ ലീഗ്

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം എഫ്സി ഫോഴ്സ കൊച്ചിയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. പോയിന്റ് പട്ടികയിൽ കൊച്ചി ആറാമതും മലപ്പുറം അഞ്ചാമതുമാണ്.

RAJU TVPM

## മഴ

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

RNU TVPM